# UNIT - 2
# നീളുമീയാത്ര തൻ വിസ്മയങ്ങൾ

## യൂണിറ്റ് പ്രവേശകം

- ചിത്രങ്ങൾ നിരീക്ഷിച്ച് ദൃശ്യഭംഗി വിവരിക്കുക

→ മനോഹരമായ പ്രകൃതിദൃശ്യമാണ് നാം ചിത്രത്തിൽ കാണുന്നത്. കാടും കാട്ടിലെ മരങ്ങളും പൂവള്ളികളും ജീവജാലങ്ങളെല്ലാവരും ആ ചിത്രത്തിലുണ്ട്. പുഴകളും ചോലകളും അരുവികളും പാടങ്ങളും തഴുകിക്കൊണ്ട് സൂര്യപ്രകാശം കടന്നുവരുന്നുണ്ട്. പാറകളിൽ തട്ടിത്തടഞ്ഞ് ഒഴുകുന്ന കൊച്ചരുവി, നദിയിലൂടെ ഒഴുകുന്ന ചെറുവള്ളങ്ങൾ, പച്ച പുതച്ച പുൽമൈതാനവും പാടശേഖരവും വനപ്രദേശത്തെ വൈവിധ്യവിഹാരം നടത്തുന്ന ഇൻ

കാട്ടിലെ മൃഗങ്ങളും സന്തോഷത്തോടെ പറക്കുന്ന പക്ഷിക്കൂട്ടങ്ങളും ചേർന്ന് കാടിന്റെ മനോഹാരിത നമുക്കു മുന്നിൽ എത്തിക്കുന്നു.



UNIT : 2

നീളുമീയാത്ര തൻ വിസ്മയങ്ങൾ

| No | പാഠത്തിന്റെ പേര് | രചയിതാവ് | സാഹിത്യ വിഭാഗം |
|---|---|---|---|
| 1. | പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ | എൻ.എ. നസീർ | യാത്രാവിവരണ ലേഖനം (കാടിനെ ചെന്നു തൊടുമ്പോൾ) |
| 2. | നക്ഷത്രം | ലളിതാംബിക അന്തർജ്ജനം | കഥ (ഓറഞ്ചു കുട്ടി) |
| 3. | ഒന്നിച്ചീയാത്ര | ഒ.എൻ. വി കുറുപ്പ് | കവിത (അഗ്നി ശലഭങ്ങൾ) |

1

# പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ

– എൻ. എ നസീർ

## പദപരിചയം

- ചിറകടിനാദം → ചിറകടിയുടെ ശബ്ദം
- ദിനങ്ങൾക്കൊടുവിൽ → ദിവസങ്ങളുടെ അവസാനം
- ജീവസ്സുറ്റത് → ജീവനുള്ളത്
- ഇലച്ചാർത്ത് → ഇലകളുടെ കൂട്ടം
- ഹരിതസാമ്രാജ്യം → പച്ചനിറത്തിന്റെ ധാരാളിത്തം കൊണ്ട് ശോഭ നേടുന്നത്.



- രൂപാന്തരം - മാറ്റം
- മണ്ണടരുകൾ → മണ്ണിന്റെ അടുക്കുകൾ
- അന്നം → ആഹാരം
- വർണ്ണം → നിറം
- നിഗൂഢവന്യത → വനത്തിന്റെ രഹസ്യസ്വഭാവങ്ങൾ
- കയം → ആഴമേറിയ ജലാശയം
- ലവലേശം → ഒട്ടും
- മന്ദം → പതുക്കെ
- ഘടന → രൂപം / ആകൃതി
- ജലം → വെള്ളം
- യാഥാർത്ഥ്യം → സത്യം

## സമാനപദങ്ങൾ

- പൂമ്പാറ്റ → ചിത്രശലഭം, ചിത്രപതംഗം
- പ്രപഞ്ചം → ലോകം, ഉലകം
- തീ → അഗ്നി, വഹ്നി
- കാട് → വിപിനം, വനം
- പുഴ → നദി, കല്ലോലിനി
- അന്നം → ആഹാരം, ഓദനം
- കയം → ഗഹ്വരം, അതലസ്പർശം
- ഇല → ദലം, പത്രം
- ചിറക് → പത്രം, പതത്രം
- മഴ → മാരി, വർഷം
- കാറ്റ് → അനിലൻ, മാരുതൻ



## പിരിച്ചെഴുതുക

* പൂമ്പാറ്റ → പൂം + പാറ്റ
- എപ്പോഴെങ്കിലും → എപ്പോൾ + എങ്കിലും
- പുഴയോരം → പുഴ + ഓരം
- അനുഭവിച്ചറിഞ്ഞ → അനുഭവിച്ച് + അറിഞ്ഞ
- ദിനങ്ങൾക്കിടയിൽ → ദിനങ്ങൾക്ക് + ഇടയിൽ
- ഇലച്ചാർത്ത് → ഇല + ചാർത്ത്
- പതുക്കെപ്പതുക്കെ → പതുക്കെ + പതുക്കെ
- ജീവസ്സുറ്റത് → ജീവസ്സ് + ഉറ്റത്
- അന്നാദ്യമായി → അന്ന് + ആദ്യമായി
- അത്ഭുതക്കാഴ്ച → അത്ഭുതം + കാഴ്ച
- ചിറകുവിരിച്ചുയർത്തി → ചിറക് + വിരിച്ച് + ഉയർത്തി

## മാറ്റിയെഴുതുക

- ചിറകടിനാദം – ചിറകടിയുടെ നാദം
- കാട്ടിലെ തീ – കാട്ടുതീ
- വനപ്രദേശം – വനമാകുന്ന പ്രദേശം
- നിശബ്ദം – നിശ്ശബ്ദം ശബ്ദമില്ലാത്തത്
- അത്ഭുതനാദം – അത്ഭുതകരമായ നാദം
- സ്വപ്നലോകം – സ്വപ്നത്തിന്റെ ലോകം
- സ്വർണ്ണക്കീറുകൾ – സ്വർണ്ണനിറമുള്ള കീറുകൾ
- മൃദുമന്ത്രണം – മൃദുവായ മന്ത്രണം
- പൂമ്പാറ്റക്കൂട്ടം – പൂമ്പാറ്റകളുടെ കൂട്ടം



## വിശദീകരിക്കേണ്ടവ

### മഴക്കാട്

വളരെയധികം മഴലഭിക്കുന്ന കാടുകളാണ് മഴക്കാടുകൾ. ഒരുവർഷത്തിൽ 1750 മില്ലിമീറ്റർ മഴ ലഭിക്കുന്ന വനപ്രദേശങ്ങൾ മഴക്കാടുകൾ തന്നെന്ന് പറയാം. ഭൂമിയിലെ മൂന്നിൽ രണ്ടുഭാഗം സസ്യങ്ങളും ജീവജാലങ്ങളും മഴക്കാടുകളിൽ വസിക്കുന്നു. വണ്ണം കുറഞ്ഞ തായ്ത്തടിയുള്ള വൃക്ഷങ്ങളാണ് മഴക്കാടുകളിൽ കാണാറുള്ളത്. ശിഖരങ്ങളും ഇടതൂർന്ന ഇലകളും ഇവയുടെ പ്രത്യേകതയാണ്. സാധാരണ നമ്മൾ കാണുന്ന പന, വാഴ തുടങ്ങിയ മരങ്ങളും ചെടികളും കാണാനാകില്ലെങ്കിലും അപൂർവ്വയിനം സസ്യജാലങ്ങളാൽ സമൃദ്ധമാണ് മഴക്കാടുകൾ.

ഇടതൂർന്ന മരങ്ങൾ മഴ പെയ്തു തീർന്നാലും ശാഖകളിലും ഇലകളിൽ നിന്ന് മഴവെള്ളം താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്നതിനാൽ മഴക്കാടുകൾ എപ്പോഴും ഈർപ്പമയമായിരിക്കും.

ഓസ്ട്രേലിയയിലെ ഡെയിൻട്രീ മഴക്കാടുകൾ, അമേരിക്കയിലെ ആമസോൺ മഴക്കാടുകൾ എന്നിവ പ്രസിദ്ധമാണെങ്കിലും കേരളത്തിലെ ഷോളയാർ പുഴയോരത്തെ മഴക്കാടുകളും നിബിഡസൗന്ദര്യത്താൽ സഞ്ചാരികളെ വിസ്മയിപ്പിക്കുന്നു.

ഉഷ്ണമേഖലാപ്രദേശത്ത് കാണുന്ന നിത്യഹരിത വനങ്ങളാണ് മഴക്കാടുകൾ.

ജൂൺ 22 ലോകമഴക്കാടുദിനം ആയി ആചരിക്കുന്നു. പ്രകൃതിയുടെ സ്വാഭാവികമായ ഇത്തരം വനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെയാണ് ഈ ദിനം ഓർമിപ്പിക്കുന്നത്.



## ചിത്രശലഭം

മനുഷ്യരെ വിസ്മയിപ്പിക്കുന്ന അനേകം കാഴ്ചകളുടെ കലവറയാണ് ഈ ഭൂമി. പ്രാണിലോകത്തെ ഏറ്റവും വിചിത്രസൗന്ദര്യം നിറഞ്ഞ ഷഡ്പദം ചിത്രശലഭമാണ്. പൂമ്പാറ്റ എന്നും ഇവ അറിയപ്പെടുന്നു. പ്രാണിവർഗ്ഗത്തിലെ സൗന്ദര്യറാണിയായ പൂമ്പാറ്റ നൂറുകണക്കിന് ഇനം കണ്ടെത്തപ്പെട്ടിട്ടുണ്ട്.

പശ്ചിമഘട്ടമലനിരകൾ ചിത്രശലഭങ്ങളുടെ പറുദീസയാണ്. സമശീതോഷ്ണമേഖലയായതുകൊണ്ട് സുരക്ഷിതമായ ആവാസകേന്ദ്രങ്ങളായി ~~അതേ~~ ചിത്രശലഭങ്ങൾ പശ്ചിമഘട്ടത്തിൽ കൂട്ടം കൂട്ടമായി കാണപ്പെടുന്നു. പുഴുവിൽ നിന്ന് ക്രമാനുഗതമായി വളരുന്ന പൂമ്പാറ്റ 30 ദിവസം മാത്രം ആയുസ്സുള്ള ഷഡ്പദങ്ങളാണ്.

കേരളത്തിൽ ഒരുലക്ഷത്തിലധികം ചിത്രശലഭവിഭാഗങ്ങളുണ്ട്. നമ്മുടെ

സംസ്ഥാന ചിത്രശലഭം "ബുദ്ധമയൂരി" ആണ്. നിശാശലഭങ്ങളും ദിനശലഭങ്ങളും നമുക്കുണ്ട്. അഞ്ചുകുടുംബങ്ങളിലായി ആയിരത്തഞ്ഞൂറിലേറെ ചിത്രശലഭങ്ങൾ കാണപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും ചെറിയ ശലഭം രത്നനീലിയും, വലിയ ശലഭം ഗരുഡശലഭവുമാണ്. ഇവ രണ്ടും കേരളത്തിൽ കാണപ്പെടുന്നുണ്ട്. ശലഭങ്ങളുടെ സംരക്ഷണത്തിനായി ശലഭോദ്യാനങ്ങളുണ്ട്.

മെസോസോയിക്കോ, 970 ലക്ഷം വർഷം മുമ്പേ ചിത്രശലഭങ്ങൾ ഭൂമിയിലുണ്ടായി എന്ന് ഫ്രാൻസിൽ നടത്തിയ പഠനം തെളിയിക്കുന്നു. ഇലകളും പൂമ്പൊടികളും (പൂന്തേൻ) മാത്രമല്ല, മണ്ണിലെ സൂക്ഷ്മജീവികളും ധാതുലവണങ്ങളും പൂമ്പാറ്റകളുടെ ഭക്ഷണമാണ്. ചെളി നിറഞ്ഞ മണ്ണ്, ചീഞ്ഞളിഞ്ഞ പഴങ്ങളും ഇലകളും അവയിൽ കലർന്ന ധാതുക്കൾ ചിത്രശലഭങ്ങളുടെ പ്രത്യുൽപാദനവളർച്ചയെ സഹായിക്കുന്നുണ്ട്. ചെടികളുടെ നീരും ചില ചിത്രശലഭങ്ങളുടെ ഭക്ഷണമാണ്.



## ഷോളയാർ

തൃശ്ശൂർ - പാലക്കാട് ജില്ലകളുടെ അതിർത്തിയിലായി തമിഴ്നാടിനോടു ചേർന്നുകിടക്കുന്ന മലമ്പ്രദേശമാണ് ഷോളയാർ. ചാലക്കുടിപ്പുഴ ഷോളയാറിലൂടെ ഒഴുകുന്നുണ്ട്. ഷോളയാർ ഡാം സന്ദർശകരുടെ പ്രധാന ആകർഷണകേന്ദ്രമാണ്. ആദിവാസികളുടെ വാസസ്ഥലം ആയ ഷോളയാർ പ്രകൃതിരമണീയപ്രദേശങ്ങളാൽ സമൃദ്ധമാണ്.

ധാരാളം തേയിലത്തോട്ടങ്ങൾ, ചെറിയ വെള്ളച്ചാട്ടങ്ങൾ, അരുവികൾ, മഴക്കാടുകൾ, അപൂർവ്വയിനം സസ്യങ്ങൾ എന്നിവ ഷോളയാറിലുണ്ട്. നമ്മുടെ അറിവിനും അനുഭവങ്ങൾക്കുമപ്പുറം പ്രകൃതി അനുനിമിഷം അലങ്കരിക്കുന്ന വനമാണ് ഷോളയാറിന്റെ പ്രത്യേകത

## എൻ. എ. നസീർ (1962 ജൂൺ 10)

വന്യജീവി ഫോട്ടോഗ്രാഫറും പ്രകൃതിസംരക്ഷകനുമായ എൻ എ നസീർ എഴുത്തുകാരനും മികച്ച ആയോധനവിദ്യ പരിശീലകനും ആണ്. നാല്പതിലേറെ വർഷമായി പശ്ചിമഘട്ടമലനിരകളിലൂടെ നിരന്തരം സഞ്ചാരം നടത്തി എൻ എ നസീർ തയ്യാറാക്കിയ കുറിപ്പുകൾ ഫോട്ടോസഹിതം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പ്രമുഖ മാസികകളിലും ഇംഗ്ലീഷ് ജേണലുകളിലും എൻ എ നസീറിന്റെ രചനകൾ പ്രത്യക്ഷപ്പെടാറുണ്ട്.

കാടും ഫോട്ടോഗ്രാഫറും, കാടിനെ ചെന്നു തൊടുമ്പോൾ, കാടും ക്യാമറയും, വനം പൂത്ത ചന്തം, മലമുഴക്കി, കാടേത് കടുവയോട് ഞാനെന്ത്, കാടറിയാൻ ഒരു യാത്ര, കുട്ടികൾ കാട് തൊടുന്നു തുടങ്ങിയ പുസ്തകങ്ങൾ



എൻ. എ. നസീറിനെ മലയാളികളുടെ പ്രിയങ്കരനായ എഴുത്തുകാരനാക്കി. സഞ്ചാരസാഹിത്യത്തിന് മറ്റൊരു മുഖം നൽകിയ എൻ എ നസീർ കാടിന്റെ വിസ്മയ ലോകത്തെ വായനക്കാർക്ക് പരിചയപ്പെടുത്തി. വനനശീകരണം, പ്രകൃതിചൂഷണം എന്നിവക്കെതിരെ നിരന്തരം ശബ്ദമുയർത്തുന്ന എൻ. എ നസീർ ആനകളുടെ ദുരിതാവസ്ഥകളെപ്പറ്റി അന്വേഷണം നടത്തി തയ്യാറാക്കിയ പുസ്തകമാണ് വനം പൂത്ത ചന്തം. ആയോധനകലകളിലും (തായ്ചി, കരാട്ടെ) യോഗ, മെഡിറ്റേഷൻ എന്നിവയിലും പരിശീലനം നേടുകയും ധാരാളം കുട്ടികളെ ഇവ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു.

കാടും ഫോട്ടോഗ്രാഫറും എന്ന കൃതിക്ക് 2011 ലെ കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ട്രക്കിങ് നടത്തുമ്പോൾ ശേഖരിക്കുന്ന ചിത്രങ്ങളും കാട്ടിലെ നിശ്ശബ്ദനിമിഷങ്ങളും വ്യക്തമാക്കുന്നതാണ് എൻ എ നസീറിന്റെ പ്രഭാഷണങ്ങൾ.

Text Page 23 വായിക്കാം കണ്ടെത്താം.

1) ഈ പാഠഭാഗത്ത് നിങ്ങളെ ആകർഷിച്ച മനോഹരദൃശ്യങ്ങൾ ഏതെല്ലാമാണ്.

(കുട്ടികൾ ഉത്തരം കണ്ടെത്തേണ്ട ചോദ്യമാണിത്. വായിച്ച് കണ്ടെത്തിയ ഉത്തരമാണ് അവർ നോട്ടുപുസ്തകത്തിൽ എഴുതേണ്ടത്. വ്യക്തിഗതമായ ചിന്തയിലേക്ക് കുട്ടികളുടെ സ്വതന്ത്രബുദ്ധി സഞ്ചരിക്കണം.

സൂചനകൾ നൽകുക
- → ഷോളയാർ പുഴയോരം
- → ഇരുണ്ടടഞ്ഞ മഴക്കാട്
- → കാട്ടുതീ
- → ഈർപ്പമേറെയുള്ള വനപ്രദേശം
- → പരിഭ്രാന്തരാകും
- → ലക്ഷക്കണക്കിന് പൂമ്പാറ്റകൾ
- → അന്നത്തിന്റെ ധാരാളിത്തം
- → പുലരിയുടെ സ്വർണ്ണനിറം
- → വനനിഗൂഢതകളുടെ ആഴം.)
- → ഇലകളൊക്കെ ശലഭങ്ങൾ (visuals)



2) ഷോളയാർ പുഴയോരത്തെത്തിയ യാത്രികരെയും സുഹൃത്തുക്കളെയും പരിഭ്രാന്തരാക്കിയ കാഴ്ച ഏത്?

→ ഷോളയാർ തൃശ്ശൂർ- പാലക്കാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വനപ്രദേശമാണ്. ഷോളയാർ പുഴയോരത്തെ മരങ്ങളിലെ [illegible]

പച്ചിലകൾ ഉണങ്ങിനിൽക്കുന്ന കാഴ്ചകണ്ടു. കാട്ടുതീ പടർന്നതായിരിക്കുമോ എന്ന് ആ യാത്രികർ ഭയപ്പെട്ടു. മഴക്കാടുകൾക്ക് തീ പിടിക്കാനാവില്ല. ഇലച്ചാർത്തുകളിലും മണ്ണിലും ഈർപ്പമാണ് അവയുടെ സ്വഭാവം. പിന്നെ എങ്ങനെ ഇലകൾ ഉണങ്ങി എന്നറിയാതെ നിൽക്കുമ്പോഴാണ് പതുക്കെ പതുക്കെ ലക്ഷോപലക്ഷം പൂമ്പാറ്റകൾ ചിറകടിച്ചുയരുന്നത് അവർ കണ്ടത്. അവർ കണ്ട ഉണങ്ങിയ ഇലകൾ ചിത്രശലഭങ്ങളായിരുന്നു.

3) "അന്നാദ്യമായി ആ അദ്ഭുതനാദം ഞാൻ കേട്ടു." – ഇവിടെ അദ്ഭുതനാദം എന്നു വിശേഷിപ്പിച്ചത് എന്തിനെയാണ്?

എൻ.എ. നസീറിന്റെ "കാടിനെ ചെന്നു തൊടുമ്പോൾ" – എന്ന പുസ്തകത്തിലാണ് അപൂർവമായി ലഭിക്കുന്ന ഒരു അനുഭവത്തെപ്പറ്റി പറയുന്നത്.

മോയാർ നദീതീരത്തെ മരങ്ങളിൽ തങ്ങി ഉറങ്ങിയ ഇലകൾ ചിത്രശലഭങ്ങളായിരുന്നു എന്ന് യാത്രികനും കൂട്ടരും തിരിച്ചറിഞ്ഞത് വളരെ വൈകിയാണ്. അവ ചിറകടിച്ചുയർന്നപ്പോഴാണ് പൂമ്പാറ്റകളുടെ ചിറകടിനാദം ആദ്യമായി കേട്ടതെന്ന് അദ്ദേഹം പറയുന്നു. ലക്ഷക്കണക്കിന് പൂമ്പാറ്റകൾ പറന്നുയരുന്ന അത്ഭുതക്കാഴ്ചയിൽ എല്ലാം മറന്ന് പൂമ്പാറ്റകളുടെ ചിറകടിനാദം.



## അനുബന്ധ പ്രവർത്തനങ്ങൾ

1. പൂമ്പാറ്റയുടെ ചിത്രം വരയ്ക്കുക
2. പൂമ്പാറ്റയെ ആസ്പദമാക്കി മലയാളത്തിലുണ്ടായ കവിതകൾ ശേഖരിക്കുക
3. പൂമ്പാറ്റയുടെ ജീവിതചക്രം വരയ്ക്കുക
4. പൂമ്പാറ്റപ്പാട്ട് നിർമ്മിക്കുക
5. കൊച്ചുപൂമ്പാറ്റയും നിങ്ങളും തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.

പ്രയോഗഭംഗിയുള്ള വാചകങ്ങൾ കണ്ടെത്തി അടിവരയിട്ട് നോട്ടുപുസ്തകത്തിൽ എഴുതു

- "പുലരിവെയിലിന്റെ സ്വർണ്ണക്കിരണങ്ങൾ"
- ഇരുളടഞ്ഞ മഴക്കാട്
- "തീയ്ക്ക് മാറിനിൽക്കാനേ കഴിയൂ. ഈ ഹരിതസാമ്രാജ്യത്തിൽ"
- "ചിറകുകളുടെ മൃദുമന്ത്രണം"
- "മഴക്കാടിന്റെ ഹൃദയഭാഗം"
- "പൂമ്പൊടികൾ കൊണ്ടെന്നെ തഴുകി."
- "ഇരുൾചമാർന്ന ഇലക്കൂടാരങ്ങൾ"



P.24 ഇടശബ്ദം - ചേർത്തും ചേർക്കാതെയും

| | |
|---|---|
| കാതിൽ വീണ്ടും ചിറകുകളുടെ മൃദുവായ മന്ത്രണം | കാതിൽ വീണ്ടും ചിറകുകളുടെ മൃദുമന്ത്രണം |
| മഴക്കാടിന്റെ ഹൃദയത്തിന്റെ ഭാഗത്തായിത്തന്നെ | മഴക്കാടിന്റെ ഹൃദയഭാഗത്തായിത്തന്നെ. |

ഇപ്രകാരം പദങ്ങൾ ഇടശബ്ദം ചേർത്തും ചേർക്കാതെയും എഴുതിയപ്പോൾ പ്രയോഗത്തിന് ഉണ്ടായ സവിശേഷതകൾ ചർച്ചചെയ്യുക.

# നക്ഷത്രം

ലളിതാംബിക അന്തർജ്ജനം.

## പദപരിചയം

- തൊടി = പറമ്പ്
- ബോധ്യമായില്ല = വിശ്വാസം വന്നില്ല
- കാന = കാട്
- സംഭ്രമം = പേടി
- തലപ്പ് = അറ്റം
- മിന്നുക = പ്രകാശിക്കുക
- നോക്കിയേ കിടന്നു = നോക്കിക്കൊണ്ട് കിടന്നു
- പടപുറപ്പെട്ട് വരിക = യുദ്ധത്തിന് വരിക
- കിടപ്പറ = കിടക്കാനുള്ള മുറി
- മായുക = കാണാതാവുക
- തലപ്പാവ് = കിരീടം
- കയ്പുകഷായം = മരുന്ന്

- വിങ്ങിക്കരയുന്ന – തേങ്ങിക്കരയുന്ന
- മാറോടടുക്കിപ്പിടിച്ചു – നെഞ്ചോട് ചേർത്തുപിടിച്ചു
- മിനുങ്ങുന്ന – തിളങ്ങുന്ന
- ഭീകരമായ – ഭയപ്പെടുത്തുന്ന
- ആർത്തുവിളിക്കുക – ഉറക്കെ കരയുക

## സമാനപദങ്ങൾ

- നക്ഷത്രം – ഉഡു, താരം, താരകം
- മഴ – മാരി, വർഷം
- മാനം – വാനം, ആകാശം
- ഇരുട്ട് – അന്ധകാരം, തമസ്സ്
- കുട്ടി – പൈതൽ, ശിശു
- ഇല – പത്രം, ദലം
- തുണി – വസ്ത്രം, ചേല
- കൈ – പാണി, ഹസ്തം
- കാത് – ചെവി, കർണ്ണം.



- തല – ഉത്തമാംഗം, ശിരസ്സ്
- ~~ചിറക്~~ – പക്ഷം
- കണ്ണ് – അക്ഷി, നേത്രം
- പൂവ് – സുമം, സൂനം
- കാറ്റ് – അനിലൻ, മാരുതൻ
- കൊട്ടാരം – ഹർമ്മ്യം, സൗധം
- രാജാവ് – മന്നൻ, അരചൻ
- കുതിര – വാജി, അശ്വം
- സൂര്യൻ – അർക്കൻ, ആദിത്യൻ
- സ്വപ്നം – കിനാവ്, കനവ്
- അമ്മ – മാതാവ്, ജനനി
- മിന്നാമിനുങ്ങ് – ഖദ്യോതം, തേജസ്കീടം
- ലോകം – ഉലകം, പ്രപഞ്ചം
- ചിരി – ഹസിതം, ഹാസ്യം
-